പാഠം 8

# വീണ്ടെടുപ്പും വിദ്യാഭ്യാസവും

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: ഉല്പത്തി 1:26,27; യെശ.11:1–9; 2 തിമൊ. 3:14–17; 1 രാജാ. 4:29–34; യോഹ. 14:17; 1 കൊരി. 2:1–16.**

**മനഃപാഠവാക്യം: "എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളത് ആകുന്നു" (2 തിമൊ. 3:16,17).**

വേദപുസ്തകം ദൈവത്തെയും അവന്റെ ജനത്തെയും കുറിച്ച് ഒരു നീണ്ട കഥ പറയുന്നു. അത് തെറ്റിപ്പോയ ഒരു പ്രണയകഥയായാണ് കാണപ്പെടുന്നത്, കുറഞ്ഞ പക്ഷം താല്ക്കാലികമായെങ്കിലും. അല്ലെങ്കിൽ അതിനെ ഒരു പിതാവിന്റെയും ഒടുവിൽ തിരികെ വരുന്ന അവന്റെ മറുതലിക്കുന്ന മക്കളുടെയും കഥയായി കാണാൻ കഴിയും.

എന്നാൽ ഈ ആഴ്ചയിലെ പഠന ആവശ്യങ്ങൾക്കായി, നാം വേദപുസ്തകത്തിൽ മറ്റൊരു കേന്ദ്ര ആശയം കണ്ടെത്തും, ഒരു ഗുരുവിന്റെയും അവന്റെ വിദ്യാർത്ഥികളുടെയും. അവർ അവരുടെ പരീക്ഷകൾ തോറ്റുകൊണ്ടേയിരുന്നു, എന്നാൽ അവൻ ക്ഷമയോടെ അവരുടെ പാഠങ്ങൾ വീണ്ടും വീണ്ടും വിശദീകരിച്ചുകൊടുത്തു, ഒടുവിൽ അവരിൽ ചിലർ അത് പഠിക്കുന്നതുവരെ.

നമുക്ക് വളരെ നന്നായി അറിയാവുന്ന നമ്മുടെ സ്വന്തം മനുഷ്യ കഥകളിൽനിന്ന് വ്യത്യസ്തമല്ല വേദപുസ്തക കഥകൾ – ഒരു ഒഴികഴിവോടെ. ദൈവത്തിന്റെയും അവന്റെ ജനത്തിന്റെയും കഥയിൽ ഒരു നല്ല അന്ത്യം ഉറപ്പാണ്, അത് ലക്ഷ്യത്തിലെത്തും. അവന്റെ ജനത്തോടുള്ള ദിവ്യമായ കൃപയാണ് ആ അനന്തരഫലം ഉറപ്പാക്കുന്നത്. ഈ ബന്ധത്തിലുള്ള മാനുഷിക ഉത്തരവാദിത്വം മിക്കപ്പോഴും തെറ്റിദ്ധരിക്കപ്പെടുകയും അത് ഭാരിച്ചതാണെന്ന് കരുതിയ അനേകരാൽ ഭീകരമായി കരുതപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ വാസ്തവത്തിൽ, വേദപുസ്തക കഥ ദൈവത്തെ അറിയാനും അവന്റെ ഇച്ഛ മനസ്സിലാക്കാനുമുള്ള ഒരു ക്ഷണമാണ്. നിശ്ചയമായും, ദൈവത്തെ അറിയാൻ പഠിക്കുക എന്നതാണ് അവന്റെ കൃപയോടുള്ള നമ്മുടെ പ്രഥമമായ പ്രതികരണം. നമുക്ക് അപ്രകാരമുള്ള കൃപ നേടിയെടുക്കാൻ സാധ്യമല്ല, എന്നാൽ നമുക്ക് അതേക്കുറിച്ച് പഠിക്കാനാകും, മാത്രമല്ല അതിന്റെ ഉള്ളിന്റെയുള്ളിൽ ഈ കൃപയെക്കുറിച്ചുള്ള പഠനമല്ലെങ്കിൽ ക്രിസ്തീയ വിദ്യാഭ്യാസം എന്താണ്?

***ഈ ആഴ്ചയിലെ പാഠം പഠിച്ച് നവംബർ 21 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## ദൈവത്തിന്റെ സ്വരൂപത്തിൽ

**ഉല്പത്തി 1:26,27 ഉം 5:1,3 ഉം വായിക്കുക. ആദിയിൽ ദൈവം മനുഷ്യരെ എങ്ങനെ സൃഷ്ടിച്ചു എന്നതിനെക്കുറിച്ച് ഈ വാക്യങ്ങൾ എന്തു പറയുന്നു, പിന്നീട് പാപ ത്തിനുശേഷം മനുഷ്യവർഗ്ഗത്തിന് എന്തു സംഭവിച്ചു?**

“ദൈവത്തിന്റെ സ്വരൂപത്തിൽ” എന്ന പദസമുച്ചയം വേദപുസ്തകം വ്യാഖ്യാതാക്കളെ നൂറ്റാണ്ടുകളായി ആകർഷിച്ചിട്ടുണ്ട്. ആദ്യ മനുഷ്യർ സൃഷ്ടിക്കപ്പെട്ട ഈ സ്വരൂപം എന്താണ്? ഉദാഹരണത്തിന്, ദൈവം ഒരു കണ്ണാടിയിൽ നോക്കി അവന്റെ പുതിയ സൃഷ്ടിയെ അവനെപ്പോലെ രൂപപ്പെടുത്തി എന്ന് ഇതിന് അർത്ഥമുണ്ടോ? അതോ മറ്റ് എല്ലാ ജീവജാലങ്ങളെക്കാളും മനുഷ്യർക്ക് ദൈവത്തോട് കൂടുതൽ സാമ്യമുണ്ട് എന്ന് ഇത് അർത്ഥമാക്കുന്നുവോ? അതോ ഇത് ഒരു ആത്മീയവും ബുദ്ധിപരവുമായ സാമ്യത്തെയും സ്രഷ്ടാവും അവന്റെ മനുഷ്യസൃഷ്ടിയും തമ്മിൽ അനുരൂപമാകുന്നതിനെ പ്രതിപാദിക്കുകയും ചെയ്യുന്നുവോ? അതിന്റെ അർത്ഥം എന്തായിരിക്കും എന്ന് അനേക വ്യാഖ്യാനങ്ങൾ തിരുവെഴുത്തിൽനിന്ന് പണ്ഡിതന്മാർ കണ്ടെത്തിയിട്ടുണ്ടെങ്കിലും തിരുവെഴുത്തുകൾ ഈ അഭിപ്രായ പ്രകടനത്തിന് കൃത്യമായ യാതൊരു വിശദീകരണവും നൽകിയിട്ടില്ല.

എന്നിരുന്നാലും, പാപത്തിനുശേഷം, ഈ സ്വരൂപത്തിന് മാറ്റമുണ്ടായിട്ടുണ്ട് എന്ന് നമുക്ക് കാണാൻ കഴിയും, അതുകൊണ്ടാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം മനുഷ്യനിൽ അവനെ ഉണ്ടാക്കിയവന്റെ സ്വരൂപം പുനഃസ്ഥാപിക്കുകയാണ് എന്ന് എലൻ ജി. വൈറ്റ് എഴുതിയത് (Education, pp. 14-16).

എങ്ങനെയാണ് വിദ്യാഭ്യാസത്തിന് അത്ര ശ്രദ്ധേയമായ ഒരു ലക്ഷ്യം കൈവരിക്കാനാകുക? ഒന്നാമത്, ദൈവം നമ്മെ ഉണ്ടാക്കിയത് അവനുമായി ഒരു ബന്ധം ഉണ്ടായിരിക്കുവാനാണ് എന്ന് നാം ഓർക്കേണ്ടതുണ്ട്, മിക്ക മാതാപിതാക്കൾക്കും അവരുടെ മക്കളോട് ഉള്ളതുപോലെ. അവൻ നമ്മെ അവന്റെ സ്വരൂപത്തിൽ ഉണ്ടാക്കി, മനുഷ്യ മാതാപിതാക്കൾക്ക് അവരുടെ സ്വരൂപത്തിൽ മക്കൾ ഉണ്ടാകുന്നതുപോലെ തന്നെ (ഉല്പത്തി 5:1), അങ്ങനെ അവന്റെ കുടുംബത്തിലേതെന്നപോലെ അവന്റെ മക്കളായി നമ്മെ വളർത്തിക്കൊണ്ട് വരാം; അവന് നമ്മോട് ആശയവിനിമയം നടത്തി നാമുമായി ഈടുറപ്പുള്ള ഒരു ബന്ധമുണ്ടാക്കാൻ കഴിയും. അതിനാൽ ദൈവത്തിന്റെ സ്വരൂപം എന്നത് കൂടുതലും രണ്ടു ജീവികളെ, ഒന്ന് ദിവ്യവും അടുത്തത് മാനുഷികവും ആയതിന് മനസ്സുകൾ തമ്മിൽ കണ്ടുമുട്ടുന്നതിനുള്ള ഒരു “മാനസിക സ്വരൂപമാണ്.” ഇതുതന്നെയാണ് വിദ്യാഭ്യാസത്തിലും കൃത്യമായി സംഭവിക്കുന്നത്, ആദ്യം ഭവനത്തിൽ മാതാപിതാക്കളും മക്കളും തമ്മിൽ, പിന്നീട് വിദ്യാഭ്യാസത്തിന്റെ വേല അദ്ധ്യാപകർ ഏറ്റെടുക്കുമ്പോൾ പാഠശാലയിലും. നമുക്ക് നന്നായി അറിയാവുന്ന ഈ വിദ്യാഭ്യാസ പ്രക്രിയയെ ദൈവം ഉദ്ദേശിച്ചിരുന്നു എന്ന് വ്യക്തമാണ്. അങ്ങനെ നമ്മെ മറ്റ് അനേകം ജീവജാലങ്ങളിൽനിന്ന് വേർതിരിച്ച്, അവൻ നമ്മെ അവന്റെ സ്വരൂപത്തിലുണ്ടാക്കി. അവൻ അങ്ങനെ ചെയ്തതിന് കാരണം അവന് നമ്മെ പഠിപ്പിക്കാനും നമുക്ക് അവനിൽനിന്ന് പഠിക്കാനും കഴിയും എന്നതാണ്, അവന്റെ സ്വരൂപം (അവന്റെ മനസ്സ്) നമ്മിൽ പ്രതിഫലിക്കുന്നതു വരെ.

**ജീവിതത്തിലുടനീളവും, സർവ്വകലാശാല, പാഠശാല, സഭ, ഭവനം എന്നിവയിലും ക്രിസ്തീയ വിദ്യാഭ്യാസത്തോടുള്ള നമ്മുടെ സമർപ്പണത്തിന്റെ ഈ ചിന്തയോടുള്ള സൂചനകൾ എന്തെല്ലാമാണ്?**

## യേശു ഗുരുവായി

യേശുവിനെ വർണ്ണിക്കുവാൻ വേദപുസ്തകം അനേകം പദങ്ങൾ ഉപയോഗിക്കുന്നു. അവൻ ദൈവത്തിന്റെ പുത്രൻ, മിശിഹ, മനുഷ്യപുത്രൻ, രക്ഷകൻ, വീണ്ടെടുപ്പുകാരൻ, കർത്താവ്, ദൈവത്തിന്റെ കുഞ്ഞാട് എന്നിവ ഏതാനും ചിലത് മാത്രം. എന്നാൽ ഗലീലയിലും, യെഹൂദ്യയിലും ഉള്ള അവന്റെ മൂന്നിലധികം വർഷങ്ങളുടെ പരസ്യശുശ്രൂഷയിൽ അവനെ നന്നായി അറിയാമായിരുന്നവർക്ക് അവൻ ഗുരുവായിരുന്നു. അവർ അവനെ “യജമാനൻ” അല്ലെങ്കിൽ “റബ്ബി” എന്ന് വിളിച്ചു, രണ്ടിന്റെയും അർത്ഥം ഒന്നാണ് “ഗുരു”.

അതിനാൽ, അദ്ധ്യാപന ജോലിയും ഉപദേശം നൽകലും അവന്റെ പരസ്യശുശ്രൂഷയ്ക്ക് ഉചിതമായ മാർഗ്ഗമായിരുന്നിരിക്കണം. അവന്റെ വീണ്ടെടുപ്പിന്റെ വേല പഠിപ്പിക്കലിന്റെ വേലയ്ക്കു സമാനമാണ്. അതിലും അധികമായി, അത് സുവിശേഷ പ്രവാചകനാൽ പ്രവചിക്കപ്പെട്ടതാണ്.

**യെശയ്യാവ് 11:1–9 വായിക്കുക. യേശുവിന്റെ പഠിപ്പിക്കുന്ന പങ്കിനെപ്പറ്റി അത് എന്താണ് വെളിവാക്കുന്നത്?**

തിരുവെഴുത്തുകളിൽ മിശിഹായെക്കുറിച്ചുള്ള ഞെട്ടിക്കുന്ന പ്രവചനങ്ങളിൽ ഒന്ന് കാണപ്പെടുന്നത് യെശയ്യാവ് 11 ലാണ്. 1–3 വരെയുള്ള വാക്യങ്ങൾ വരുവാനുള്ള മിശിഹായെ വിദ്യാഭ്യാസ രീതികളിൽ വരച്ചു കാട്ടുന്നു, അറിവോ, ഉപദേശമോ, പരിജ്ഞാനമോ, തിരിച്ചറിവോ കൊണ്ടുവരുന്ന ഒരാളായി. ആ പുസ്തകഭാഗം മുഴുവൻ അവസാനിക്കുന്നത് ഈ ശ്രദ്ധേയമായ വാഗ്ദത്തത്തിലൂടെയാണ്: “സമുദ്രം വെള്ളംകൊണ്ടു നിറഞ്ഞിരിക്കുന്നതുപോലെ ഭൂമി യഹോവയുടെ പരിജ്ഞാനംകൊണ്ടു പൂർണ്ണമായിരിക്കയാൽ എന്റെ വിശുദ്ധ പർവ്വതത്തിൽ എങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്കയില്ല” (യെശ. 11:9). ഒരുപക്ഷേ, അപ്രകാരമുള്ള തിരുവെഴുത്തുകളിലെ ഉപദേശമായിരിക്കാം എലൻ ജി. വൈറ്റിന് തന്റെ പുസ്തകമായ Education ൽ വിദ്യാഭ്യാസവും വീണ്ടെടുപ്പിന്റെ വേലയും ഒന്നാണെന്ന് രേഖപ്പെടുത്താൻ പ്രചോദനമായത് (Education, p. 30 കാണുക).

യോഹന്നാൻ 3:1–3 വായിക്കുക. നിക്കോദേമൊസ് യേശുവിനെ ഒരു റബ്ബി എന്ന് സംബോധന ചെയ്തു, ഇതിനു പുറമേ യേശുവിന്റെ അഭ്യസന ദാനങ്ങൾ ദൈവത്തിൽനിന്ന് വരുന്നതാണെന്ന് തിരിച്ചറിഞ്ഞു, കാരണം യേശു ചെയ്ത അടയാളങ്ങൾ, അതായത്, ജീവിതത്തിന്റെ അർത്ഥത്തിലേക്കുള്ള അവന്റെ ഉൾക്കാഴ്ചകളും അത്ഭുതങ്ങളും. ദൈവരാജ്യം കാണുന്നതിന് (മനസ്സിലാക്കുന്നതിനും, പ്രവേശിക്കുന്നതിനുമായി) അവൻ വീണ്ടും ജനിക്കണമെന്ന് യേശു നിക്കോദേമൊസിനോട് പ്രതികരിച്ചപ്പോൾ അവന്റെ ശിക്ഷണ ദാനങ്ങളുടെ ഉറവിടം, അവന് നൽകപ്പെട്ട പദവിപ്പേര്, യേശു അംഗീകരിച്ചു. ഇതിനർത്ഥം യേശുവിന്റെ കാര്യത്തിലാണെങ്കിലും, മറ്റുള്ളവരെ പഠിപ്പിക്കുവാനുള്ള അധികാരം, ദൈവത്തിൽനിന്ന് വരുന്നുവെന്നാണ്.

ഉറപ്പായും, അഭ്യസിപ്പിക്കുക എന്നത് ദൈവത്തിന്റെ ഒരു ദാനമാണ്. അത് ദൈവത്താൽ അധികാരപ്പെടുത്തിയതാണ്, അത് യേശുവിനാൽ സ്വീകരിക്കപ്പെടുകയും ദിവ്യ അധികാരമുള്ളവരെന്ന് പഠിപ്പിക്കപ്പെടുന്നവരാൽ അംഗീകരിക്കപ്പെടുകയും ചെയ്യുന്നു.

**ദൈവത്തിന്റെ ജ്ഞാനം ലോകം മുഴുവൻ പോകുന്നതിനെക്കുറിച്ചുള്ള ഈ പ്രവചനത്തിന്റെ പൂർത്തീകരണം കാണുന്നതിന് നമുക്ക് എന്ത് പങ്കാണ് ഉള്ളത്?**

## മോശെയും പ്രവാചകന്മാരും

**2 തിമൊഥെയൊസ് 3:14-17 വായിക്കുക.**

**ക്രിസ്തീയ വിദ്യാഭ്യാസത്തിൽ തിരുവെഴുത്തുകൾക്കുള്ള പങ്കിനെക്കുറിച്ച് ഈ വാക്യങ്ങൾ നമ്മെ എന്ത് പഠിപ്പിക്കുന്നു?**

വേദപുസ്തകത്തിന്റെ ആദ്യഭാഗമായ, തോറയെ, ചിലപ്പോഴൊക്കെ "ന്യായപ്രമാണം" എന്ന് പരിഭാഷപ്പെടുത്തിയിട്ടുണ്ട്, ഭാഗികമായി ഇതിനു കാരണം ഈ പുസ്തകങ്ങളിൽ അനേകം പ്രമാണങ്ങൾ ഉണ്ട് എന്നതാണ്. എന്നാൽ തോറയുടെ ശരിയായ അർത്ഥം "അഭ്യസിപ്പിക്കുക" അല്ലെങ്കിൽ "നിർദ്ദേശം" എന്നാണ്. വേദപുസ്തകത്തിലെ "ന്യായപ്രമാണം" എന്താണ് എന്നതിനെക്കുറിച്ച് അനേകർ ചിന്തിക്കുന്നതിൽ നിന്നും വളരെ വ്യത്യസ്തമാണ് ഈ തിരിച്ചറിവ്, അതായത്, ദൈവത്തിന്റെ നല്ല കൃപകളിൽ ആയിരിക്കേണ്ടതിന് നാം പിന്തുടരേണ്ട നിയമങ്ങളും ചട്ടങ്ങളും. അങ്ങനെയല്ല; അവൻ ആദ്യം തന്നെ നമ്മെ സൃഷ്ടിച്ചപ്പോൾ ദൈവം ഉദ്ദേശിച്ച ഉടമ്പടിബന്ധത്തിൽ സുരക്ഷിതമായും വിജയകരമായും എങ്ങനെ ജീവിക്കാം എന്നതിനെ കൈകാര്യം ചെയ്യുന്ന പഠിപ്പിക്കാനുള്ള വസ്തുവായിട്ടാണ് ന്യായപ്രമാണം ഉദ്ദേശിച്ചിരുന്നത്.

എബ്രായ വേദപുസ്തകത്തിലെ അടുത്ത രണ്ട് ഭാഗങ്ങളും, പ്രവാചകന്മാർ, രേഖപ്പെടുത്തുന്നത് എത്ര നന്നായി ദൈവത്തിന്റെ ജനം ഈ വിദ്യാഭ്യാസപരമായ വസ്തുക്കൾ അഭ്യസിച്ചുവെന്നും അതിൻ പ്രകാരം എങ്ങനെ ജീവിച്ചുവെന്നുമാണ് (മുൻകാല പ്രവാചകർ, അല്ലെങ്കിൽ ചരിത്രപുസ്തകങ്ങൾ), ഈ വിദ്യാഭ്യാസ വസ്തുക്കളിൽനിന്നും അവർ എന്ത് പഠിക്കേണ്ടിയിരുന്നുവെന്നും (പില്ക്കാല പ്രവാചകന്മാർ). പഴയനിയമത്തിന്റെ ശേഷഭാഗം (എബ്രായ ഭാഷയിൽ "എഴുത്തുകൾ" എന്ന് വിളിക്കുന്നു) നിറയെ വിജയികളായവരും അത്ര വിജയികളല്ലാതിരുന്നതുമായ ഗുരുക്കന്മാരുടെയും വിദ്യാർത്ഥികളുടെയും ഉദാഹരണങ്ങളാണ്, അവരുടെ വിദ്യാഭ്യാസപരമായ അനുഭവങ്ങളോടൊത്ത്. ഈ പുസ്തകങ്ങളിൽ വിദ്യാഭ്യാസപരമായി വിജയികളായവരുടെ ഉദാഹരണങ്ങൾ ഇയ്യോബ്, ദാനീയേൽ, രൂത്ത്, എസ്ഥേർ എന്നിവർ ആയിരിക്കും. പരാജിതർക്കിടയിൽ ഇയ്യോബിന്റെ നാല് സുഹൃത്തുക്കൾ. നിശ്ചയമായും, സങ്കീർത്തനങ്ങളുടെ പുസ്തകം ഒരു പാട്ടുപുസ്തകമാണ്, എന്നാൽ അതിലും കുറഞ്ഞത് മൂന്ന് വിദ്യാഭ്യാസപരമായ സങ്കീർത്തനങ്ങളുണ്ട്, സങ്കീർത്തനങ്ങൾ 1, 37, 73.

വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ഉദ്ദേശിച്ചുള്ള വസ്തുക്കളാൽ നിറഞ്ഞിരിക്കുകയാണ് സുവിശേഷങ്ങൾ, പ്രത്യേകമായി യേശുവിന്റെ ഉപമകളിൽ. പൗലൊസിന്റെ അനേക ലേഖനങ്ങൾ ആരംഭിക്കുന്നത് ഒരു ശക്തമായ സുവിശേഷ പ്രഖ്യാപനത്തിലൂടെയായിരിക്കും, എന്നാൽ അവസാനിക്കുന്നത് വിദ്യാഭ്യാസപരമായ വസ്തുക്കളാലാണ്, ക്രിസ്ത്യാനികൾക്കായുള്ള ദൈനംദിന ജീവിതത്തിന്റെ പ്രായോഗിക പാഠങ്ങൾ. വെളിപ്പാട് പുസ്തകം നിറയെ വിദ്യാഭ്യാസപരമായ വസ്തുക്കളാണ്. ഉദാഹരണത്തിന്, സമ്പൂർണ വെളിപ്പെടുത്തൽ, അല്ലെങ്കിൽ ക്രിസ്തുവിന്റെ സഭയുടെ ഭാവി ഉരുത്തിരിയുന്നത്, ദൈവത്തിന്റെ കുഞ്ഞാടായ യേശുവിന്, ആ പ്രധാന ഗുരുവിന് മാത്രം തുറക്കാൻ കഴിയുന്ന ഒരു പുസ്തകത്തിൽ വെളിപ്പെടുത്തിയിരിക്കുകയാണ് (വെളി. 5:1-5).

## ബുദ്ധിയുള്ള സ്ത്രീകളും പുരുഷന്മാരും

വിദ്യാഭ്യാസം, പഠനം, പാഠശാല എന്നിവയ്ക്കുള്ള വാക്കുകൾ നമ്മുടെ കാലഘട്ടത്തിൽ വ്യക്തമായി മനസ്സിലാകും, എന്നാൽ അത് വേദപുസ്തകത്തിൽ സാധാരണമല്ല. വളരെ സാധാരണയായ ഒരു വാക്കുണ്ട് 'പരിജ്ഞാനം' അല്ലെങ്കിൽ 'ബുദ്ധിയുള്ള'. ഉദാഹരണത്തിന്, പഴയനിയമം ബുദ്ധിയുള്ള സ്ത്രീകളെയും പുരുഷന്മാരെയും സംബന്ധിച്ച് പ്രതിപാദിക്കുന്നു (2 ശമൂ. 14:2; സദൃശ. 16:23).

**1 രാജാക്കന്മാർ 4:29–34 വായിക്കുക. പരിജ്ഞാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഇത് നമ്മെ എന്ത് പഠിപ്പിക്കുന്നു?**

വളരെ പരിജ്ഞാനത്തോടെ സദൃശവാക്യങ്ങൾ ഉരുവിടുകയും സസ്യ-മൃഗ ജീവനെക്കുറിച്ച് സംസാരിക്കയും ചെയ്ത ഒരു വളരെ ബുദ്ധിമാനായ മനുഷ്യനായി ശലോമോൻ ഒറ്റപ്പെട്ടു നില്ക്കുന്നു, ഇതിനർത്ഥം അദ്ദേഹം ഒരു വിദ്യാഭ്യാസപരിജ്ഞാനിയാണെന്നാണ് (1 രാജാ. 4:29–34). സദൃശവാക്യങ്ങളുടെയും സഭാപ്രസംഗിയുടെയും പുസ്തകങ്ങൾ നിരവധി വിഷയങ്ങളിന്മേൽ അനേകം ബുദ്ധിയുള്ള ഉപദേശങ്ങൾ ഉൾക്കൊള്ളുന്നു, ഇത് ശലോമോനും പുരാതനകാലത്തുള്ള മറ്റ് ബുദ്ധിമാന്മാരായ മറ്റ് ഗുരുക്കന്മാർക്കുമായി എടുത്തുപറയുന്നു (സദൃശ. 1:1; 25:1; 30:1; 31:1).

വേദപുസ്തകപ്രകാരം, പരിജ്ഞാനം എന്നത് നമുക്കുള്ള ഇന്നത്തെ വിദ്യാഭ്യാസം പോലെയാണ്. അത് ഒരുവൻ ഗുരുക്കന്മാരിൽനിന്നോ മാതാപിതാക്കളിൽനിന്നോ പഠിക്കുന്നതാണ്, പ്രത്യേകിച്ച് ചെറുപ്പമായിരിക്കുമ്പോൾ (സഭാപ്രസംഗി 12:1), എന്നാൽ വാസ്തവത്തിൽ ജീവിതത്തിലുടനീളം ഒരുവൻ പരിജ്ഞാനം കൂട്ടിവെയ്ക്കുന്നു. രണ്ടാമതായി, പരിജ്ഞാനത്തിന് പൊതുവേ ഒരു പ്രായോഗിക വശമുണ്ട്; ഉദാഹരണത്തിന്, ശീതകാലത്തേക്ക് ആവശ്യത്തിന് ഉണ്ടാകുവാൻ ഉഷ്ണകാലത്ത് ശേഖരിക്കുക എന്നത് ഉറുമ്പുകളിൽനിന്ന് പഠിക്കുക (സദൃശ. 6:6–8).

എന്നിട്ടുകൂടി, പരിജ്ഞാനം എന്നത് പ്രായോഗികം മാത്രമല്ല, പിന്നെയോ അതിനൊരു സൈദ്ധാന്തിക വശം കൂടിയുണ്ട്, കാരണം അത് ദൈവത്തിലുള്ള വിശ്വാസത്തിൽ ആരംഭിച്ച് ഏതാനും അടിസ്ഥാനതത്വങ്ങൾ പിന്തുടരുന്നു (സദൃശ. 1:7). പരിജ്ഞാനം നമ്മെ ഉത്തരവാദിത്വത്തോടും മറ്റുള്ളവരുടെ പ്രയോജനത്തിനുമായി ജീവിക്കാൻ സഹായിക്കുന്നു, അത് ദൗർഭാഗ്യങ്ങളിൽനിന്ന് സംരക്ഷിക്കാനും സഹായിക്കുന്നു. ഒടുവിലായി, ഇന്നത്തെ വിദ്യാഭ്യാസം എന്നപോലെ, നാം ഉന്നയിക്കുന്ന ചോദ്യങ്ങൾക്കെല്ലാം പരിജ്ഞാനം ഉത്തരം നൽകുന്നില്ല, എന്നാൽ അത് അറിവില്ലാത്തതിനായി അന്വേഷിക്കുമ്പോൾ തന്നെ നമുക്ക് അറിയാവുന്നതിൽ സംതൃപ്തരാകാൻ നമ്മെ പ്രാപ്തരാക്കുന്നു, അതാകട്ടെ അവന്റെ കൃപയിൽ ആശ്രയിക്കുവാനും ദൈവത്തെ അറിയാനായി നമുക്ക് പഠിക്കാൻ കഴിയുന്ന നല്ലൊരു സ്ഥാനവുമാണ്.

യിരെമ്യാവ് 18:18 പ്രകാരം, ബുദ്ധിമാനായ ഗുരുവിന്റെ പങ്ക് പ്രവാചകന്റെയും പുരോഹിതന്റെയും പങ്കിന് തുല്യമായി കണക്കാക്കപ്പെടുന്നു. മൂന്ന് കൂട്ടരും ദൈവത്തിൽനിന്നുള്ള പ്രത്യേക ദൂതുകളാലും, വിദ്യാഭ്യാസപരമായ ഉപദേശങ്ങളാലും, ന്യായപ്രമാണത്തിലുള്ള നിർദ്ദേശത്തിന്റെ രൂപത്തിലും ദൈവത്തിൽനിന്ന് അവന്റെ ജനങ്ങൾക്കുള്ള സന്ദേശങ്ങൾ കൈമാറുന്നു.

**നമുക്ക് എങ്ങനെയാണ് പരിജ്ഞാനം പഠിക്കാനും പിന്നീട് നമ്മെ പിന്തുടരുന്നവർക്ക് അത് കൈമാറാനും കഴിയുക? ഒരു ജനമെന്ന നിലയിൽ, ഇത് ചെയ്യേണ്ടുന്നത് നമുക്ക് എന്തുകൊണ്ട് വളരെ പ്രധാനമാണ്?**

## ആദിമ സഭയിലെ വിദ്യാഭ്യാസം

തിരുവെഴുത്തിലെ വിദ്യാഭ്യാസത്തിന്റെ ശ്രദ്ധേയമായ തത്വങ്ങളിൽ ഒന്ന് പുറത്തുവരുന്നത് പ്രധാന ഗുരുവായ യേശു അവന്റെ ശിഷ്യന്മാരെ അല്ലെങ്കിൽ വിദ്യാർത്ഥികളെ വിട്ടുപോകാൻ തയ്യാറെടുക്കുമ്പോഴാണ്. അവർ അവനോടൊത്ത് മൂന്നര വർഷക്കാലം ഉണ്ടായിരുന്നു, കോളേജ് വിദ്യാഭ്യാസത്തിനോ ഹൈസ്കൂൾ പഠനത്തിനോ നാം അനുവദിക്കുന്ന ഏകദേശ സമയം. ഏതൊന്നിന്റെയും പൂർത്തീകരണ സമയത്ത്, വ്യക്തിയെ അടിസ്ഥാനമാക്കി, വിദ്യാർത്ഥികൾ സ്വയമായി കാര്യങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരെന്ന് കണക്കാക്കപ്പെടുന്നു.

എന്നാൽ യേശുവിന് കാര്യങ്ങൾ കൂടുതൽ നന്നായി അറിയാമായിരുന്നു. അതിനാൽ പരിശുദ്ധാത്മാവിന്റെ ശിക്ഷണത്തിൽ അവൻ അവന്റെ അനുയായികൾക്ക് നടന്നുകൊണ്ടിരിക്കുന്നതും തുടർച്ചയായതുമായ വിദ്യാഭ്യാസം നൽകി. മറ്റെവിടെയോ ആ ഗുരുവിനെ പരിചയപ്പെടുത്തുന്നത് ആശ്വാസകനായോ അല്ലെങ്കിൽ പക്ഷവാദം ചെയ്യുന്നവനോ ആയാണ് (ഗ്രീക്കിൽ പാരാക്ലീറ്റോസ്). അവനെ യേശുവിന്റെ അനുയായികൾക്ക് സ്ഥിരമായി നൽകപ്പെടും (യോഹ. 14:16,17). അവനെ സത്യത്തിന്റെ ആത്മാവ് എന്ന് പരിചയപ്പെടുത്തുന്നു. പരിശുദ്ധാത്മാവിനെ ഒരു ശിക്ഷകനായി പരിചയപ്പെടുത്തുന്നില്ലെങ്കിലും, ആത്മാവിന്റെ പ്രവർത്തനം നിശ്ചയമായും വിദ്യാഭ്യാസപരമാണ്, പ്രത്യേകിച്ച് അത് സത്യം കണ്ടെത്തുന്നതും അന്വേഷിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുമ്പോൾ.

**1 കൊരിന്ത്യർ 2:1–16 വായിക്കുക. വിദ്യാഭ്യാസത്തിന്റെ പശ്ചാത്തലത്തിൽ വളരെ പ്രധാനമായ എന്താണ് പൗലൊസ് പറയുന്നത്?**

അവൻ ആദ്യം അവരുടെ അടുത്തേക്ക് വന്നപ്പോൾ യേശുക്രിസ്തുവിനെക്കുറിച്ചും അവന്റെ ക്രൂശീകരണത്തെക്കുറിച്ചുമല്ലാതെ ഒന്നും തന്നെ സംസാരിച്ചില്ല എന്ന് കൊരിന്ത്യയിലെ സഭയെ ഓർപ്പിച്ചുകൊണ്ടാണ് പൗലൊസ് ആരംഭിക്കുന്നത് (1 കൊരി. 2:2) – ബുദ്ധിപരമായ പരിജ്ഞാനം ഒന്നും ഇല്ല, സുവിശേഷ പ്രഖ്യാപനം മാത്രം. എന്നാൽ അത് അതിന്റെ അന്ത്യമായിരുന്നില്ല (1 കൊരി. 2:6), കാരണം ഒരിക്കൽ ഈ പുതിയ ക്രിസ്ത്യാനികൾക്ക് പക്വത വന്നപ്പോൾ, അപ്പൊസ്തലൻ തിരികെ അവരെ പരിജ്ഞാനം പഠിപ്പിക്കാനായി തിരികെയെത്തും, ലോകം ആരംഭിക്കുന്നതിനു മുമ്പ് ദൈവം മറച്ചുവച്ച കാര്യങ്ങൾ (1 കൊരി. 2:7), ദൈവത്തിന്റെ ആഴത്തിലുള്ള കാര്യങ്ങൾപോലും (1 കൊരി. 2:10). അവൻ പഠിക്കുന്നവന്റെ ആത്മാവുമായി യോജിക്കുമ്പോൾ സകലതും ദൈവത്തിന്റെ ആത്മാവിന്റെ നടത്തിപ്പിൻ കീഴിൽ അഭ്യസിക്കപ്പെടും.

ആ പഠനം എത്ര ആഴത്തിലുള്ളതായിരിക്കും, ആത്മാവിനാൽ നയിക്കപ്പെടുന്നവർക്ക് എത്രമാത്രം പഠനമാണ് തുറക്കപ്പെടുന്നത്? ആ അദ്ധ്യായം അവസാനിക്കുന്നത് യെശയ്യാപ്രവാചകന്റെ ഒരു ഉദ്ധരണിയോടെയാണ്: "യഹോവയുടെ മനസ്സ് ആരാഞ്ഞറികയോ അവനു മന്ത്രിയായി അവനെ ഗ്രഹിപ്പിക്കയോ ചെയ്തവനാർ?" (യെശ. 40:13). അവന്റെ കാലത്തിലെ സാധാരണ ജനങ്ങളോട് സംസാരിക്കുന്ന ആ പ്രവാചകൻ പറയുക ആർക്കും അത് ചെയ്യാൻ കഴിയില്ല എന്നാണ്. എന്നാൽ പൗലൊസ് ആ കാഴ്ചപ്പാടിനെ തിരുത്തി ഇങ്ങനെ ഉപസംഹരിച്ചു, "ഞങ്ങൾക്ക് ക്രിസ്തുവിന്റെ മനസ്സുണ്ട്," എന്നതിനർത്ഥം ആത്മാവിനാൽ നിറയപ്പെട്ട ക്രിസ്ത്യാനികൾക്ക് ദൈവത്തിന്റെ മനസ്സിലേക്ക് പോലും പ്രാപ്യത ഉണ്ടെന്നാണ്, അപ്രകാരം നീതിയുടെ പാത അറിയേണ്ടുന്നതിന് ആവശ്യമായ അറിവും വിവേകവും ലഭിക്കുന്നു (1 കൊരി. 2:10–13).

## കൂടുതൽ ചിന്ത:

ആ വലിയ സുവിശേഷ ദൗത്യം (മത്തായി 28:18–20) ലോകമെമ്പാടും ഒരു ശ്രദ്ധേയമായ മതപരമായ നീക്കം നടപ്പിലാക്കി. ഇവിടെ ഏതാനും അപ്പൊസ്തലന്മാരോ മിഷനറിമാരോ (രണ്ടു വാക്കുകൾക്കും ഒരേ അർത്ഥമാണ് "അയക്കപ്പെട്ടവർ") ലോകമെമ്പാടും ചെന്ന് വിദ്യാർത്ഥികളെ ശേഖരിച്ചു, അവരെ ശിഷ്യരാക്കി, യേശുവിൽ വിശ്വസിക്കാൻ അവരെ വിളിച്ചു, അവരെ സ്നാനപ്പെടുത്തി, യേശു അവരോട് കല്പിച്ച സകല കാര്യങ്ങളും അവരെ പഠിപ്പിക്കാനായി മുമ്പോട്ട് വന്നു. ലോകത്തിനു ചുറ്റിലുംനിന്ന് ക്രിസ്ത്യാനികളായി തീർന്നവരുടെ ചിത്രമാണിത്, വിവിധ ഭാഷകൾ സംസാരിക്കയും വ്യത്യസ്ത സംസ്കാരങ്ങളെ പ്രതിനിധാനം ചെയ്യുകയും ചെയ്യുന്നവർ, സ്നാനക്കുളത്തിൽനിന്ന് പുറത്തേക്ക് വരുന്നത് ഒരു പാഠശാലയിൽ പ്രവേശിക്കാനും അവരുടെ വിദ്യാഭ്യാസം ആരംഭിക്കാനുമാണ്. ഇത് ആശ്ചര്യകരമല്ല, കാരണം അവർക്ക് ഇനിയും വളരെ അധികം പഠിക്കാനുണ്ടായിരുന്നു.

ക്രിസ്ത്യാനികൾ സദാ പഠിച്ചുകൊണ്ടിരിക്കുന്നതിനു കാരണം ബുദ്ധിപരമായ ജിജ്ഞാസ മാത്രമോ അല്ലെങ്കിൽ അറിവ് കൈക്കലാക്കാനുള്ള ത്വരയോ മാത്രമല്ല, പിന്നെയോ ക്രിസ്തീയ ജീവിതം ദൈനംദിന ജീവിതത്തിന്റെ എല്ലാ കോണുകളിലും അരിച്ചിറങ്ങുന്നു എന്നതാണ്. വളരെയധികം പഠിക്കാനുണ്ട്. ആയതിനാൽ, പുതിയ നിയമ ലേഖനങ്ങളിൽ യേശുവിനെക്കുറിച്ചുള്ള പ്രഖ്യാപനവും (ചിലപ്പോഴൊക്കെ പുതിയനിയമ വാക്കായ കേറിഗ്മാ എന്ന് വിളിക്കുന്നു) ക്രിസ്ത്യാനികൾക്ക് പഠിക്കാനുള്ള സകല കാര്യങ്ങളിലും (ചിലപ്പോഴൊക്കെ പുതിയനിയമ വാക്കായ ഡിഡാകേ എന്ന് വിളിക്കുന്നു). പ്രഖ്യാപനത്തിന്റെ നല്ലൊരു ഉദാഹരണം 1 കൊരിന്ത്യർ 2:2 ൽ കാണപ്പെടുന്നു, എന്നാലോ വിദ്യാഭ്യാസം ആരംഭിക്കുന്നത്, 1 കൊരിന്ത്യർ 4 ലാണ്, തുടർന്ന് ഇടയ്ക്കിടയ്ക്ക് ലേഖനത്തിന്റെ ശിഷ്ടഭാഗത്തും. എന്താണ് ക്രിസ്ത്യാനികൾക്ക് പഠിക്കാനുള്ളത്?

തൊഴിൽ, വിശ്രമം, സാമൂഹ്യവിഷയങ്ങൾ, സമുദായബന്ധങ്ങൾ, സഭയും ആരാധനയും, ധനതത്വശാസ്ത്രം, മനുഷ്യസ്നേഹം, അധികാരികളുമായുള്ള ബന്ധങ്ങൾ, ഉപദേശിക്കൽ, കുടുംബവ്യവസ്ഥകൾ, വിവാഹബന്ധങ്ങളും ശിശുപരിപാലനവും, ആഹാരവും അതിന്റെ പാകപ്പെടുത്തലും, വസ്ത്രം, പ്രായമാകുന്നതും ജീവിതത്തിന്റെ അന്ത്യത്തിനായി ഒരുങ്ങുന്നതും – ഒരുവന്റെ വ്യക്തിപരമായ ജീവിതവും ഈ ലോകത്തിലെ ജീവിതവും; ഒരു ക്രിസ്ത്യാനി ആയിരിക്കുക എന്നാൽ ഈ കാര്യങ്ങളെക്കുറിച്ച് എല്ലാം എന്തെങ്കിലും പഠിക്കുകയും അതിൽ കൂടുതലും. അവ മനസ്സിലാക്കുക എന്നത് സ്വാഭാവികമായി വരുന്നില്ല, അത് പഠിക്കേണ്ടിയിരിക്കുന്നു.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ**

1. **സഭയുടെ ശുശ്രൂഷയ്ക്ക് വിദ്യാഭ്യാസപരമായ പ്രവർത്തനം എത്ര പ്രധാനമാണ്?**
2. **"സ്വർഗ്ഗം ഒരു പാഠശാലയാണ്" എന്ന് എലൻ ജി. വൈറ്റ് എഴുതിയപ്പോൾ അവർ എന്താണ് അർത്ഥമാക്കിയത്? (Education, p. 301).**
3. **1 കൊരിന്ത്യർ 2:1–16 വീണ്ടും വായിക്കുക. പ്രചോദനത്തിലൂടെ ദൈവം എന്താണ് നമുക്ക് വെളിവാക്കി തരുന്നത് എന്നതിനെക്കുറിച്ച് പൗലൊസ് എന്താണ് നമ്മോട് പറയുന്നത് എന്ന് നോക്കുക. കാലഘട്ടത്തിന്റെ പരിജ്ഞാനവും ഭരണാധികാരികളും ഒന്നുമല്ലാതായിത്തീരും എന്ന അവന്റെ ദൃഢപ്രസ്താവത്തെക്കുറിച്ച് ചിന്തിക്കുക. അവന് അത് പറയാമായിരുന്നെങ്കിൽ, നമ്മുടെ കാലഘട്ടത്തിലെ ചില "പരിജ്ഞാന"ത്തെക്കുറിച്ചും എന്താണ് പറയുക?**